"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ അരൂക്കുറ്റി വില്ലേജിൽ ബ്ലോക്ക് നമ്പർ 5 ൽ റീസർവ്വേ നമ്പർ 5/4ൽ പ്പെട്ട 23.50 ആർസ് ഭൂമി, ഇ.വി.രാമസ്വാമി നായ്ക്കർ സ്മാരക നിർമ്മാണത്തിനായി, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരികകാര്യ വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എം) വകുപ്പ്

സ.ഉ.(കൈ) നം.69/2024/RD തീയതി,തിരുവനന്തപുരം, 23-03-2024

പരാമർശം:-

1. തമിഴ് നാട് ചീഫ് സെക്രട്ടറിയുടെ 07.07.2023 ലെ 4054/Memorial/2023 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
2. സാംസ്കാരികകാര്യ (സി) വകുപ്പിന്റെ 03.08.2023 തീയതിയിലെ സി2/90/2023 /സാം.ക.വ നമ്പർ കത്ത്.
3. ആലപ്പുഴ ജില്ലാകളക്ടറുടെ 18.10.2023 ലെ DCALP/8911/2023-C12 നമ്പർ കത്ത്.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.11.2023ലെ LR/11607/2023-LR-K2 നമ്പർ കത്ത്.

**ഉത്തരവ്**

ഇ.വി.രാമസ്വാമിനായ്ക്കരെ സത്യഗ്രഹത്തിൽ പങ്കെടുത്തതിന് ജയലിലടച്ച ആലപ്പുഴയിലെ അരൂക്കുറ്റി ഗ്രാമത്തിൽ അദ്ദേഹത്തിന്റെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന് തമിഴ് നാട് ചീഫ് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി, ഇ.വി.രാമസ്വാമിനായ്ക്കർക്ക് അദ്ദേഹത്തെ ജയിലിലടച്ച ആലപ്പുഴയിലെ അരൂക്കുറ്റി ഗ്രാമത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാംസ്കാരിക കാര്യ വകുപ്പ് പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ അരൂക്കുറ്റി വില്ലേജിൽ സ്മാരക നിർമ്മാണത്തിനായി നിരവധി ഭൂമി പരിശോധിച്ചതിൽ ബ്ലോക്ക് നമ്പർ 5 ൽ റീസർവ്വേ നമ്പർ 5/4ൽ പ്പെട്ട 23.50 ആർസ് ഭൂമിയാണ് അനുയോജ്യമായി കാണുന്നതെന്നും ടി ഭൂമി പുറമ്പോക്ക് രജിസ്റ്ററിൽ ഗവ.ആശുപത്രി വകയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ആരോഗ്യവകുപ്പിന്റെ കൈവശമുള്ള ടി ഭൂമി, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി നൽകണമെങ്കിൽ ആരോഗ്യ വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണെന്നും ടി നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ലഭ്യമായ ഭൂമി കൈമാറ്റ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേല്പറഞ്ഞ ഭൂമി പെരിയോർ ഇ.വി.രാമസ്വാമി നായ്ക്കർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കാണുന്നതിനാൽ പ്രസ്തുത ഭൂമി, ഇ.വി.രാമസ്വാമി നായ്ക്കർ സ്മാരക നിർമ്മാണത്തിനായി ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3) മേല്പറഞ്ഞ ഭൂമി ഇ.വി.രാമസ്വാമിനായ്ക്കർ സ്മാരകം നിർമ്മിക്കുന്നതിനായി കൈമാറുന്നതിന് സമ്മതമാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും (ഇ) വകുപ്പ് അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ അരൂക്കുറ്റി വില്ലേജിൽ ബ്ലോക്ക് നമ്പർ 5 ൽ റീസർവ്വേ നമ്പർ 5/4ൽ പ്പെട്ട 23.50 ആർസ് ഭൂമി, ഇ.വി.രാമസ്വാമി നായ്ക്കർ സ്മാരക നിർമ്മാണത്തിനായി, സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരികകാര്യ വകുപ്പിന് കൈമാറുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ ;

ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ , അന്യാധീനപ്പെടുത്തുവാനോ , പാടുള്ളതല്ല ;

iii. ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ , ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;

iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക കാര്യ വകുപ്പ് തന്നെ ചുറ്റമതിൽ കെട്ടി സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല , അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് ;

vi. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് ;

vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
തഹസീൽദാർ, ചേർത്തല
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
സാസ്കാരികകാര്യ(സി) വകുപ്പ് (CLAD-C2/90/2023-CLAD പ്രകാരം)
ആരോഗ്യവും കുടുംബക്ഷേമവും (ഇ) വകുപ്പ് (HEALTH-E2/270/2023-HEALTH പ്രകാരം)

സ.ഉ.(കൈ) നം.69/2024/RD

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 23-03-2024 17:46:42
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്